**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 23** **10-06-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ എത്രയെന്നറിയിക്കാമോ; ലഭിച്ച പരാതികളിൽ പൂർണ്ണമായും പരിഹരിച്ചവ, ഭാഗികമായി പരിഹരിച്ചവ, ഒരു നടപടിയും സ്വീകരിക്കാത്തവ ഇവ എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | 6,45,099 പരാതികശ ലഭിച്ചിട്ടുണ്ട. ആയതിൽ 5,33,465 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.<br><br>അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്ങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |
| (ബി) | നവകേരള സദസ്സിനായി ഓരോ മണ്ഡലത്തിലും പരസ്യം, ഫ്ലക്സ്, പന്തൽ, ലൈറ്റ് & സൗണ്ട്സ്, കസേര, ഭക്ഷണം, പൗര പ്രമുഖരുമായി നടത്തിയ പ്രഭാത ഭക്ഷണം, പ്രചരണം, മറ്റു ചെലവുകൾ എന്നിവയ്ക്കായി ആകെ ചെലവഴിച്ച തുക പട്ടിക രൂപത്തിൽ ലഭ്യമാക്കുമോ; | (ബി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടകസമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡികരിച്ചിട്ടില്ല. |
| (സി) | നവകേരള സദസ്സിന്റെ ചെലവുകൾക്കായി സർക്കാർ നൽകിയ തുക, സ്പോൺസർഷിപ്പ് വഴി ലഭിച്ച തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച തുക, സദസ്സിന്റെ ചുമതല വഹിച്ച കൺവീനർമാർ പിരിച്ചു നൽകിയ തുക, മറ്റു സംഭാവനകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടകസമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡികരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട പരിപാടികൾക്കായി എത്ര മതിലുകൾ പൊളിച്ചു; അവ പുതുക്കി പണിതോ എന്നറിയിക്കാമോ; മതിലുകൾ പൊളിച്ച് കെട്ടുന്നതിനായി എത്ര രൂപ ചെലവായി; ആ തുക എവിടെ നിന്ന് കണ്ടെത്തി; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച സംഘാടകസമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ